**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3584** **12-03-2025 - ൽ മറുപടിയ്ക്ക്**

**യൂണിവേഴ്സിറ്റിയുടെ ഓൺഫണ്ട് / പ്ലാൻഫണ്ട് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ഡോ. ആർ. ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | യൂണിവേഴ്സിറ്റികളുടെ ഓൺഫണ്ട് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | അതാത് വർഷത്തെ സർവ്വകലാശാലാ ബജറ്റിൽ വകയിരുത്തുന്ന പ്രകാരമുള്ള ചെലവുകൾക്കാണ് സർവ്വകലാശാലകളുടെ ഓൺഫണ്ട് വിനിയോഗിക്കപ്പെടുന്നത്. സർക്കാർ അനുവദിക്കുന്ന പദ്ധതി, പദ്ധതിയേതര ഗ്രാന്റിനു അധികമായി വരുന്ന ശമ്പളം/പെൻഷൻ/വിദ്യാർത്ഥികളുടെ ഫെലോഷിപ്പ്/ കണ്ടിജന്റ് ഗ്രാന്റ്/മറ്റു ദൈനംദിന ചെലവുകൾ എന്നിവ സർവ്വകലാശാലയുടെ തനതു വരുമാനം ഉപയോഗിച്ചാണ് നിറവേറ്റി പോരുന്നത്. |
| (ബി) | യൂണിവേഴ്സിറ്റികൾക്ക് അനുവദിക്കുന്ന പ്ലാൻഫണ്ട് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ബി) | എല്ലാ വർഷവും സർവ്വകലാശാല സമർപ്പിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾ പരിശോധിച്ച് സർക്കാർ അംഗീകാരം നൽകുന്നതുപ്രകാരം ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഭരണാനുമതി ഉത്തരവിൽ പറഞ്ഞിരിക്കുന്ന കംപോണന്റുകൾക്കുതന്നെ പദ്ധതി ഫണ്ടുകൾ ഉപയോഗിക്കുന്നതിന് നിഷ്കർഷിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ